# പ്രതിഷേധമാർച്ചും എച്ച്.ഒ ധർണയും

## 2017 സെപ്തംബർ 20

## ഉദ്ഘാടനം : സ: എളമരം കരീം

(സംസ്ഥാന ജനറൽ സെക്രട്ടറി, സി.ഐ.ടി.യു)

സഖാക്കളേ, സുഹൃത്തുക്കളേ,

ജീവനക്കാരുടെ ചുവടെ കൊടുക്കുന്ന അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഉയർത്തിക്കൊണ്ട് പ്രത്യക്ഷസമര പരിപാടികളിലേയ്ക്ക് സംഘടന നീങ്ങുകയാണ്. ഇതിന്റെ ഭാഗമായി 12 ഇന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് ഇക്കഴിഞ്ഞ ആഗസ്റ്റ് 29 ന് അവകാശദിനം ആചരിക്കുകയും എച്ച്.ഒ/ആർ.ഒ ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധ പ്രകടനം നടത്തുകയും ചെയ്തു.

ബോണസ് ആക്ട് ഭേദഗതിയെ തുടർന്ന് കെ.എസ്.എഫ്.ഇയിലെ അടിസ്ഥാനവിഭാഗം തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ബോണസ് ആനുകൂല്യവും വർധനവും കഴിഞ്ഞ യു.ഡി.എഫ് സർക്കാരും മാനേജ്മെന്റും ജീവനക്കാർക്ക് നിഷേധിച്ചു. അതിനെതിരെ പ്രതികരിക്കുകയും ജീവനക്കാരെ അണിനിരത്തിക്കൊണ്ട് ശക്തമായ പ്രക്ഷോഭസമരം സംഘടിപ്പിക്കുകയും ചെയ്ത ഏക സംഘടന കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ മാത്രമാണ്. 20.09.2017 ന്റെ എച്ച്.ഒ ധർണ്ണയ്ക്കാധാരമായ 12 വിഷയങ്ങളിൽ ആറാമത്തേത് ഈ ആവശ്യമായിരുന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് 24 ന് നടന്ന ബോണസ്/ ഇൻസെന്റീവ് ചർച്ചയിൽ ഈ ആവശ്യം നാം പ്രാരംഭത്തിൽ തന്നെ ഉന്നയിച്ചു. 2014-15 ന്റെ ബോണസ് കുടിശ്ശിക എത്രയും വേഗം വിതരണം ചെയ്യാമെന്ന് മാനേജ്മെന്റ് അറിയിക്കുകയും ചെയ്തു.

എന്നാൽ നാം ഉന്നയിച്ച മറ്റ് സുപ്രധാന ആവശ്യങ്ങളിൽ തീരുമാനം ഉണ്ടായിട്ടില്ല. ആയതിനാൽ താഴെ പറയുന്ന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് 20.09.2017 ന് കെ.എസ്.എഫ്.ഇ ആസ്ഥാനത്തിന് മുന്നിൽ മാർച്ചും ധർണ്ണയും നടത്തുകയാണ്.

### ആവശ്യങ്ങൾ

1. **അസിസ്റ്റന്റ്, അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്ന നടപടി പിൻവലിക്കുക.**
2. **അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി വഴി നികത്തുക.**
3. **വർക്ക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റം എത്രയും വേഗം നടപ്പിലാക്കുക.**
4. **ശാസ്ത്രീയമായ സ്ഥലം മാറ്റ ചട്ടങ്ങൾ രൂപീകരിക്കുക.**

സ്റ്റാഫ് നോംസ് രൂപീകരിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെയാണ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിന് സർക്കാർ അംഗീകാരം നൽകിയത്. ഒരു ഏജൻസിയെ നിശ്ചയിച്ച് ശാസ്ത്രീയ പഠനം പൂർത്തിയാക്കി. ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് സ്റ്റാഫ് നോംസ് പരിഷ്ക്കരിക്കുന്നതിന് പകരം, ഏകപക്ഷീയമായി താഴെതട്ടിൽ തസ്തികകൾ വെട്ടിക്കുറയ്ക്കുകയാണ്. പഠനത്തിനായി ഏജൻസിയെ ഇന്നുവരെ നിശ്ചയിച്ചിട്ടുമില്ല. മാനേജ്മെന്റിന്റെ ഏകപക്ഷീയ നിലപാടുകൾമൂലം ജീവനക്കാർ ബ്രാഞ്ചുകളിൽ വീർപ്പുമുട്ടുകയാണ്. ജീവനക്കാരുടെ അർഹമായ ലീവപേക്ഷകൾ പോലും നിരസിക്കപ്പെടുന്നു. സ്വന്തം ഭവനങ്ങളിൽ നിന്നും വിദൂരത്ത് പണിയെടുക്കുന്ന വനിതാജീവനക്കാരടക്കമുള്ളവർ രാത്രി വളരെ വൈകിയാണ് ഹോസ്റ്റലുകളിലും ലോഡ്ജുകളിലും എത്തുന്നത്. രാത്രി വളരെ വൈകിയതിനാൽ രാത്രിയിൽ പ്രവേശനം നിഷേധിക്കുമെന്ന ഭീഷണിയും ചില ഹോസ്റ്റലുകളിൽ വനിതാ ജീവനക്കാർ നേരിടുന്നുണ്ട്.

അസിസ്റ്റന്റ് തസ്തികയിലെ യഥാർത്ഥ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാതെ നിയമലംഘനം നടത്തുകയാണ് മാനേജ്മെന്റ്. നമ്മുടെ സമരാഹ്വാനത്തെ തുടർന്ന് അസി.മാനേജർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയെങ്കിലും അസി.മാനേജർ തസ്തികയിലെ ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടില്ല.

സ്റ്റാഫ് നോംസ് രൂപീകരണം പൂർത്തിയാക്കി, എച്ച്.ആർ.എം.എസ് സോഫ്റ്റ്വെയർ തയ്യാറാക്കി നടപ്പിൽ വരുത്തിയാൽ മാത്രമേ സുതാര്യമായ സ്ഥലമാറ്റ ചട്ടം രൂപീകരിക്കാനാകൂവെന്ന് സുവ്യക്തമായ നിലപാടാണ് ഇതുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത ചർച്ചയിൽ നാം ഉന്നയിച്ചത്. വർക്ക്മെൻ ജീവനക്കാരുടെ സ്ഥലമാറ്റചട്ടങ്ങൾ സംബന്ധിച്ച് കെ.എസ്.എഫ്.ഇ ഡയറക്ടർ ബോർഡംഗീകരിച്ച 14-2-2008-ലെ 17/2008(PA) എന്ന സർക്കുലർ നിലവിലുണ്ട്. ഇത് റദ്ദ് ചെയ്യുകയോ ഭേദഗതി ചെയ്യുകയോ ഉണ്ടായിട്ടില്ല. ഈ അവസ്ഥയിലാണ് പുതിയ സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ മാനേജ്മെന്റ് പ്രസിദ്ധീകരിച്ചത്. ചുരുക്കത്തിൽ കേരളാസർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കാറ്റിൽ പറത്തി ഏതാണ് സ്ഥലംമാറ്റചട്ടം എന്നതുപോലും വ്യക്തതയില്ലാത്ത സ്ഥിതിയാണുണ്ടായിരിക്കുന്നത്. ഈ അവ്യക്തത നിലനിൽക്കെയാണ് ഓഫീസർ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കിയത്. വർക്ക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റം അനന്തമായി നീളുകയാണ്. ഇത് അനുവദിക്കാനാവില്ല.

5. **2014 നുശേഷം സർവ്വീസിൽ പ്രവേശിച്ച, ജീവനക്കാർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിക്കുക.**

2014 സെപ്തംബറിന് ശേഷം സർവ്വീസിൽ പ്രവേശിച്ച 15000 രൂപയിൽ കൂടുതൽ ശമ്പളമുള്ള ജീവനക്കാരെ EPS' 95 ൽ നിന്നും കേന്ദ്രത്തിലെ ബി.ജെ.പി സർക്കാർ ഒഴിവാക്കുകയുണ്ടായി. ഇവർ NPSൽ ചേരണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശം. തൽഫലമായി കെ.എസ്.എഫ്.ഇയിലെ നൂറുകണക്കിന് വരുന്ന ഓഫീസ് അറ്റൻഡന്റ്,അസിസ്റ്റന്റ് വിഭാഗം ജീവനക്കാർ യാതൊരു പെൻഷനും അർഹതയില്ലാത്തവരായി മാറി. മാത്രമല്ല പുതിയ ജീവനക്കാരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ നിന്നും കഴിഞ്ഞ യു.ഡി.എഫ് മാനേജ്മെന്റ് 'വളരെ രഹസ്യമായി' ഒഴിവാക്കി. ഈ തൊഴിലാളി വിരുദ്ധനയം ഇതുവരെയും തിരുത്താൻ കെ.എസ്.എഫ്.ഇ മാനേജ്മെന്റ് തയ്യാറായിട്ടില്ല. അടിയന്തിരമായി തെറ്റായ നയം തിരുത്തി ജീവനക്കാരുടെ ആശങ്ക പരിഹരിക്കണമെന്നാവശ്യപ്പെടുന്നു.

6. **സർക്കാർ ഉത്തരവ് 1/14 - ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് 10% പ്രമോഷൻ അനുവദിക്കുക.**

പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ നിഷേധിച്ചു. കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമല്ലെന്ന നിലപാടാണ് സർക്കാർ ഇപ്പോഴും തുടരുന്നത്. യഥാർത്ഥ വസ്തുത സർക്കാരിനെയും പി.എസ്.സി യെയും ബോധ്യപ്പെടുത്തി കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമാകുന്നതിനുള്ള നടപടി അടിയന്തരമായി മാനേജ്മെന്റ് കൈകൊള്ളണം.

7. **റീജിണൽ മാനേജർ ഉൾപ്പെടെയുള്ള ഉന്നത തസ്തികകളിലെ ഇൻചാർജ്ജ് സമ്പ്രദായം അവസാനിപ്പിക്കുക. സിനിയോറിറ്റിക് മുൻഗണന നൽകി എ.ജി.എം പ്രമോഷൻ നൽകുക. ദളിത് വിവേചനം അവസാനിപ്പിക്കുക.**

സീനിയോറിറ്റിക്ക് മുൻഗണന നൽകിയാണ് കെ.എസ്.എഫ്.ഇയിൽ എ.ജി.എം തസ്തികയിലേക്ക് പ്രമോഷൻ നൽകിയിരുന്നത്. എന്നാൽ ഈ തത്വം കഴിഞ്ഞ  മൂന്നുവർഷക്കാലമായി കെ.എസ്.എഫ്.ഇയിൽ നഗ്നമായി ലംഘിക്കപ്പെട്ടിരിക്കുന്നു. പ്രമോഷൻ ലഭിക്കേണ്ടവരിൽ ബഹുഭൂരിപക്ഷവും ദളിത് വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ്. ക്രൂരമായ ഈ അവഗണന അവസാനിപ്പിച്ച് മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകണമെന്നാവശ്യപ്പെടുന്നു.

8. **പുനഃസംഘടനയുടെ പേരിൽ അനാവശ്യമായി ഉന്നതതസ്തികകൾ സൃഷ്ടിക്കാനുള്ള നീക്കത്തിൽ നിന്ന് മാനേജ്മെന്റ് പിന്തിരിയുക.**

താഴെത്തട്ടിൽ ജീവനക്കാരുടെ തസ്തികകൾ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്ന മാനേജ്മെന്റ് പുനഃസംഘടനയുടെ പേരിൽ അനാവശ്യമായി ഉന്നത തസ്തികകൾ സൃഷ്ടിക്കുകയാണ്. കെ.എസ്.എഫ്.ഇയിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളും ചുമതലകളും നൽകി ശാസ്ത്രീയമായ അധികാരവികേന്ദ്രീകരണം ഉറപ്പ് വരുത്തുന്ന പുനഃസംഘടനയാണ് നമുക്കാവശ്യം. അതിനുപകരം  നിലവിലുള്ള ഉന്നതതസ്തികകൾ നിലനിർത്തിക്കൊണ്ട്, പുതിയ തസ്തികകൾ സൃഷ്ടിക്കുകയാണ്. ഇത് സ്ഥാപനത്തിന് അധികബാധ്യത വരുത്തും. മാനേജ്മെന്റിന്റെ പുനഃസംഘടന നിർദ്ദേശത്തെക്കുറിച്ച് സമഗ്രമായ ചർച്ച ഉണ്ടാകണം. അനാവശ്യമായി ഉന്നതതസ്തികകൾ സൃഷ്ടിക്കാനുള്ള നീക്കത്തിൽ നിന്ന് മാനേജ്മെന്റ് പിന്തിരിയണം.

9. **റിട്ടയർ ചെയ്ത ജീവനക്കാരന് പുനർനിയമനം നൽകിയ ബോർഡ് തീരുമാനം പിൻവലിക്കുക.**

കെ.എസ്.എഫ്.ഇ യിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. എ.എൻ. സോമനാഥനെ ട്രെയിനിംഗ് കോ-ഓർഡിനേറ്ററായി പുനർനിയമനം നൽകിയ ബോർഡ് തീരുമാനം അഴിമതിയും സ്വജനപക്ഷപാതവുമാണ്. തെറ്റായ തീരുമാനം അടിയന്തിരമായി റദ്ദുചെയ്യണമെന്നാവശ്യപ്പെടുന്നു.

10. **CASBA സോഫ്റ്റ്വെയറിന്റെ അപാകത പരിഹരിക്കുക.**

CASBA സോഫ്റ്റ്വെയർ വന്നതിനുശേഷം വർക്ക്മെൻ ജീവനക്കാർക്ക് തൊഴിൽ കാര്യക്ഷമമായി ചെയ്യാനാവശ്യമയ ഒരു റിപ്പോർട്ടും വർക്ക്മെൻ വിൻഡോയിൽ ലഭ്യമല്ല. സോഫ്റ്റ്വെയർ അപാകതയും കണക്ടിവിറ്റി പ്രശ്നവും മൂലം ഇടപാടുകാരും ജീവനക്കാരും ഒരു പോലെ ബുദ്ധിമുട്ടുകയാണ്. CASBA  പ്രശ്നം തുറന്ന ചർച്ചയ്ക്ക് വിധേയമാക്കാൻ മാനേജ്മെന്റ് സന്നദ്ധമാകണം. ഈ വിഷയ

ത്തിൽ ജീവനക്കാരെ ഇരുട്ടത്ത് നിർത്തുന്ന നടപടി അവസാനിപ്പിച്ച് സോഫ്റ്റ്‌വെയർ Employee cum customer friendly ആക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

11. **കെ.എസ്.എഫ്.ഇ യുടെ ബിസിനസ് പദ്ധതികൾ ശക്തിപ്പെടുത്തുക, കുടിശ്ശിക നിവാരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുക.**

ചിട്ടി സെക്യൂരിറ്റി നിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന കെ.എസ്.എഫ്.ഇ നിക്ഷേപത്തിന്റെ മുതലും പലിശയും ലഭ്യമാക്കാൻ യാതൊരു നടപടിയും കഴിഞ്ഞ യു.ഡി.എഫ് സർക്കാർ സ്വീകരിച്ചില്ല. കേന്ദ്രചിട്ടിനിയമം നടപ്പിലാക്കിയതിനുശേഷമുള്ള ചിട്ടി സെക്യൂരിറ്റി നിക്ഷേപവും പലിശയും കെ.എസ്.എഫ്.ഇയ്ക്ക് ഉറപ്പുവരുത്തുന്നതിൽ ഗുരുതരവീഴ്ചയാണ് കഴിഞ്ഞ യു.ഡി.എഫ് മാനേജ്മെന്റ് വരുത്തിയത്. ഇടതുപക്ഷ സർക്കാർ അധികാരം ഏറ്റെടുത്തതിന് ശേഷം ഇക്കാര്യത്തിൽ കെ.എസ്.എഫ്.ഇയുടെ താൽപ്പര്യം സംരക്ഷിച്ചുത്തരവുണ്ടാകണമെന്ന ആവശ്യം ശക്തമായി. എന്നാൽ ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് ആശയവ്യക്തതയില്ലാത്തതും ആശങ്കയുളവാക്കുന്നതുമാണ്. ഇത് പരിഹരിച്ച് 2012 മുതലുള്ള കെ.എസ്.എഫ്.ഇയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപവും പലിശയും കെ.എസ്.എഫ്.ഇയ്ക്കുറപ്പ് വരുത്തി സർക്കാർ ഉത്തരവുണ്ടാകണം. അതിനാവശ്യമായ കണിശമായ നിലപാട് മാനേജ്മെന്റ് സ്വീകരിക്കണം.

ചിട്ടി സലയ്ക്കൊപ്പം വരിക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനും മുൻഗണന നൽകണം. സാധാരണക്കാർക്കും ദിവസക്കൂലിക്കാർക്കും ചേരാൻ പറ്റുന്ന ചെറിയ ചിട്ടികളെ പ്രോത്സാഹിപ്പിക്കണം. അങ്ങനെ സ്ഥാപനത്തിന്റെ ജനകീയ അടിത്തറ വിപുലപ്പെടുത്തണം. കെ.എസ്.എഫ്.ഇയുടെ CD റേഷ്യോ അടിക്കടി താഴുകയാണ്. വായ്പാപദ്ധതികളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇത് പരിഹരിക്കണം. ജീവനക്കാർക്ക് സമഗ്രമായ പരിശീലന പദ്ധതികൾ തയ്യാറാക്കണം. കുടിശ്ശിക വർധിക്കുന്നത് ആശാസ്യമായ പ്രവണതയല്ല. ജീവനക്കാരുടെ എണ്ണം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്നതുമൂലം കുടിശ്ശിക സമാഹരണ പ്രവർത്തനങ്ങൾ താളം തെറ്റുകയാണ്. ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടും ഗൗരവമായ ആത്മപരിശോധന നടത്തിയും ശാഖകളിൽ ആവശ്യത്തിന് ജീവനക്കാരെ വിന്യസിച്ചും സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും ഉത്തമതാൽപ്പര്യം മുൻനിർത്തി കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ നടത്തുന്ന പ്രക്ഷോഭത്തിന് ഏവരുടേയും സഹകരണവും പിന്തുണയും അഭ്യർത്ഥിച്ചുകൊള്ളുന്നു.

അഭിവാദനങ്ങളോടെ,

11.09.2017

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി